പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3240 21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള കണ്ടക്ടർമാരുടെ ഒഴിവുകൾ

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യകതമാക്കുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ.സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്ക്കരിച്ച് സിംഗിൾ ഡ്യൂട്ടി ആക്കുവാനും കോർപ്പറേഷനിലെ ബസ്സ് ജീവനക്കാരുടെ അനുപാതം പുനഃക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്ക്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി ആയി മാറുമ്പോൾ നിലവിൽ കോർപ്പറേഷനിൽ കണ്ടക്ടർ വിഭാഗം ജീവനക്കാർ അധികമായി മാറുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ.സുശീൽ ഖന്ന കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് കോർപ്പഷേനിലെ ജീവനക്കാരുടെ അംഗബലം പുനഃക്രമീകരിച്ച ശേഷം, ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ട് പോകുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്. |
| (ബി) | ഈ ഒഴിവുകൾ എത്ര കാലമായി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (സി) | അഡ്വൈസ് മെമ്മോ ലഭിച്ച് മാസങ്ങളായിട്ടും നിയമനം ലഭിക്കാത്ത റിസർവ് കണ്ടക്ടർ തസ്തികയിലെ ഉദ്യോഗാർത്ഥികളുണ്ടോ എന്ന് വ്യകതമാക്കാമോ; | (സി) | ഉണ്ട്. |
| (ഡി) | റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചത് | (ഡി) | കെ.എസ്.ആർ.ടി.സി ക്ക്, പി.എസ്.സി. 31.12.16 തീയതിയിലാണ് അഡ്വൈസ് മെമ്മോ അയച്ചത്. അഡ്വൈസ് മെമ്മോ |

| | | | |
|---|---|---|---|
| | എപ്പോഴാണെന്ന് അറിയാമോ ;അഡ്വൈസ് മെമ്മോ നൽകി എത്ര മാസത്തിനകം നിയമനം നടത്തണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കുമോ; | | നൽകി മൂന്ന് മാസത്തിനകം നിയമനം നടത്തണമെന്നാണ് വ്യവസ്ഥ. |
| (ഇ) | റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷവും എം.പാനൽ കണ്ടക്ടർമാരെ കെ.എസ്.ആർ.ടി.സി. സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ചെയ്യാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (ഇ) | റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എംപാനൽ കണ്ടക്ടർമാരെ കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 22.12.11-ൽ, 10 വർഷം പൂർത്തിയായ താൽക്കാലിക ജീവനക്കാരെ കെ.എസ്.ആർ.ടി.സിയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നമ്പർ G.O. (MS) No. 78/2011/TRAN തീയതി 22.12.2011ന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതിയുടെ സ്ഥിരപ്പെടുത്തലിനുള്ള ഉത്തരവ് നേടിയവരെയാണ് പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**